LIBRARY ARCHIVES Kerala Legislative Assembly

പരിയാരം-കോടശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി

139 (736) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ പരിയാരം കോടശ്ശേരി സമഗ്രകുടി വെള്ള പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) പദ്ധതിക്കുവേണ്ടിയുള്ള പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ടും സർവ്വേ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നേക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പദ്ധതി സംബന്ധിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ ജോലികൾ നടന്നുവരുന്നു.

(ബി) പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിച്ചു എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ ജോലികൾ നടന്നു വരുന്നു.

കോടശ്ശേരി വില്ലേജിലെ സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. പരിയാരം വില്ലേജിലെ 31 കിലോമീറ്ററോളം സർവ്വേ ജോലികൾ പൂർത്തിയാവുകയും ബാക്കിയുള്ള 92 കിലോമീറ്ററോളം സർവ്വേ നടന്നുവരുന്നു.

(സി) സർവ്വേ ജോലികൾ പൂർത്തിയാക്കി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്കേ പദ്ധതി പ്രവർത്ത നങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

140 (737) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാ ക്കുമോ ;

(സി) മുൻ തീരുമാനപ്രകാരം ഇവയിലേതെങ്കിലും പദ്ധതികൾ ഭാഗികമായിട്ടെങ്കിലും പ്രവർത്തനമാരംഭിക്കുവാൻ കഴിയുമോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) ഇപ്പോൾ നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവില്ലാമല കൊണ്ടാഴി വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതി, കടങ്ങോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി, നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതി എന്നിവയാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നവ.

(ബി) തിരുവില്ലാമല കൊണ്ടാഴി വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞാൽ ചാർജ്ജിംഗ് ആരംഭിക്കാവുന്നതാണ്.

കടങ്ങോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കി ചാർജ്ജിംഗ് നടന്നു വരുന്നു. ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭിക്കുകയും ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി&ഡി) മൂന്നു പദ്ധതികളും 2011 ഫെബ്രുവരിയോടുകൂടി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതി

141 (738) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിക്ക് SLEC-യുടെ അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് SLEC ഇത് പാസ്സാക്കിയത് ;

(സി) എന്തു തുകയാണ് പാസ്സാക്കിയിട്ടുള്ളത് ;

(ഡി) ഈ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് ;

(ഇ) ഇവ പൂർത്തീകരിച്ച് എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly